**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1850** **15-03-2022 - ൽ മറുപടിയ്ക്ക്**

**15 വർഷം കഴിഞ്ഞ ബസ്സുകളുടെ ഫിറ്റ്നെസ് ടെസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ വി ജോയി,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.വി.സുമേഷ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 15 വർഷം കഴിഞ്ഞ ബസ്സുകൾ കണ്ടം ചെയ്യണമെന്നാണ് നിയമമെങ്കിലും കേന്ദ്രസർക്കാർ അംഗീകൃത വർക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്ന ബസ്സുകൾക്ക് 5 വർഷം കൂടി കാലാവധി നീട്ടി നൽകാം എന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) | കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 260(2) പ്രകാരം, 29.01.2019 ൽ, നിലവിൽ വന്ന ഭേദഗതി പ്രകാരം 20 വർഷം വരെ കാലപ്പഴക്കം ഉള്ള ബസുകൾ (സ്റ്റേജ് കാര്യേജുകൾ) - ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കം വന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് കേന്ദ്ര സർക്കാർ യാതൊരു വർക്ക് ഷോപ്പുകൾക്കും അംഗീകാരം നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന ബസുകൾക്ക് 5 വർഷം കൂടി സർവ്വീസ് നടത്തുന്നതിനുള്ള കാലാവധി നീട്ടിനൽകാനുള്ള വ്യവസ്ഥയും നിലവിലില്ല. |
| (ബി) | അത്തരം ബസ്സുകൾക്ക് ഫിറ്റ്നെസ് ടെസ്റ്റിന് മുന്നോടിയായി വാർഷിക അറ്റകുറ്റപ്പണികൾ നടത്താൻ കേന്ദ്രസർക്കാർ അംഗീകൃത വർക്ഷോപ്പ് കേരളത്തിൽ ഇല്ലാത്തത് ബസ്സുടമകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 260(2) പ്രകാരം, 29.01.2019 ൽ, നിലവിൽ വന്ന ഭേദഗതി പ്രകാരം 20 വർഷം വരെ കാലപ്പഴക്കം ഉള്ള ബസുകൾ (സ്റ്റേജ് കാര്യേജുകൾ) - ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കം വന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് കേന്ദ്ര സർക്കാർ യാതൊരു വർക്ക് ഷോപ്പുകൾക്കും അംഗീകാരം നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന ബസുകൾക്ക് 5 വർഷം കൂടി സർവ്വീസ് നടത്തുന്നതിനുള്ള കാലാവധി നീട്ടിനൽകാനുള്ള വ്യവസ്ഥയും നിലവിലില്ല. |
| (സി) | സംസ്ഥാനത്ത് ഇത്തരത്തിലുള്ള വർക്ഷോപ്പ് നിലവിലില്ലാത്തതിനാൽ ഈ അവസരം പ്രയോജനപ്പെടുത്തുവാൻ ബസ്സുടമകൾക്ക് കഴിയുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (സി) | കേരള മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 260(2) പ്രകാരം, 29.01.2019 ൽ, നിലവിൽ വന്ന ഭേദഗതി പ്രകാരം 20 വർഷം വരെ കാലപ്പഴക്കം ഉള്ള ബസുകൾ (സ്റ്റേജ് കാര്യേജുകൾ) - ക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കാലപ്പഴക്കം വന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണി |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് കേന്ദ്ര സർക്കാർ യാതൊരു വർക്ക് ഷോപ്പുകൾക്കും അംഗീകാരം നൽകിയിട്ടില്ല. ആയതിനാൽ ഇത്തരം വർക്ക്ഷോപ്പുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്ന ബസുകൾക്ക് 5 വർഷം കൂടി സർവ്വീസ് നടത്തുന്നതിനുള്ള കാലാവധി നീട്ടിനൽകാനുള്ള വ്യവസ്ഥയും നിലവിലില്ല. |

സെക്ഷൻ ഓഫീസർ